

**കളിമൺ മുഖംമൂടി**

**ഡിസൈൻ & ഫോട്ടോ: കെ.ബി. ജിനൻ.**

**അരുവാക്കോട് 'കുംഭം'**

# കണ്ണെഴുതി പൊട്ടും തൊട്ട്...

അംഗസംഖ്യയിൽ മാത്രമല്ല തൊഴിലവസരങ്ങൾ നേടിയെടുക്കുന്ന കാര്യത്തിലും കേരളത്തിലെ സ്ത്രീജനങ്ങൾ പുരുഷന്മാരെ പിന്നിലാക്കിക്കൊണ്ടിരിക്കുന്നതായി പുതിയ സാമൂഹിക പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ സ്ത്രീകളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾ കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്കും പുരുഷന്മാരുമായി കൂടുതൽ സാമ്പത്തിക സമത്വത്തിലേക്കും നടന്നടുത്തുകൊണ്ടിരിക്കുകയാണ്.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂടുതൽ ഗുണകരമായ ഒരു സാമൂഹികാവസ്ഥ കേരളത്തിൽ തുടക്കം മുതലേ നിലവിലുണ്ട്. വിദ്യാഭ്യാസം, ആരോഗ്യ ശുശ്രൂഷ എന്നിവയുടെ കാര്യത്തിൽ ആൺകുട്ടികൾക്ക് തുല്യമായ പരിഗണന പെൺകുട്ടികൾക്കും കേരളത്തിൽ ലഭിക്കുന്നുണ്ട്. കുടുംബാസൂത്രണ രംഗത്ത് കാര്യമായ പുരോഗതി നേടുകയും ഓരോ ദമ്പതികൾക്കും രണ്ടോ മൂന്നോ കുട്ടികൾ മാത്രം എന്ന അവസ്ഥയിലേക്ക് കുടുംബ സംവിധാനം എത്തിനില്ക്കുകയും ചെയ്യുന്ന കേരളത്തിൽ പെൺ ഭ്രൂണഹത്യകളും പെൺകുട്ടിയായി പിറന്നതിന്റെ പേരിലുള്ള അവഗണനകളും അപൂർവ സംഭവങ്ങളാണ്.

കുടുംബകാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുന്ന കാര്യത്തിലും കേരളത്തിലെ സ്ത്രീകൾക്ക് പണ്ടുമുതലേ സ്വാധീനമുണ്ട്. സ്വയം പണം സമ്പാദിക്കാനുള്ള അവസരങ്ങൾ ലഭിക്കുന്നതോടെ സ്ത്രീകൾക്ക് കുടുംബത്തിലും സമൂഹത്തിലും കൂടുതൽ മാന്യതയും തീരുമാനങ്ങളെ സ്വാധീനിക്കാനുള്ള കഴിവും വർധിക്കുന്നു എന്നത് ഒരു വസ്തുതയാണ്.

പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് ധാരാളമായി തൊഴിൽ അവസരങ്ങൾ നല്കിയിരുന്ന മേഖല ചികിത്സാരംഗമായിരുന്നു. നഴ്സ്, മിഡ്വൈഫ് എന്നീ മേഖലകൾ വനിതകളുടെ കുത്തകയായിരുന്നു.

അത് ഇന്നും അങ്ങനെ തന്നെ തുടരുന്നു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനുള്ളിൽ കേരളത്തിൽ സ്വകാര്യമേഖലയിൽ ഉയർന്നുവന്ന ആശുപത്രികളുടെ എണ്ണവും മെഡിക്കൽ സ്റ്റോറുകൾ, ലാബുകൾ, എക്സ്റേ, സ്കാനിംഗ് യൂണിറ്റുകൾ എന്നിവയുടെ എണ്ണവും ആരെയും അമ്പരിപ്പിക്കുന്നതാണ്. ഈ സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടായ വർധനവ് സ്ത്രീകൾക്കാണ് പ്രധാനമായും തൊഴിലവസരങ്ങൾ നല്കിയത്.

സ്ത്രീകൾക്ക് പ്രാമുഖ്യമുണ്ടായിരുന്ന നഴ്സിംഗ് പോലുള്ള തൊഴിൽ മേഖലകളിലെ സാന്നിധ്യം നിലനിർത്തുകയും അതേസമയം പുരുഷന്മാർ കുത്തകയാക്കി വച്ചിരുന്ന മേഖലകളിലേക്കു കൂടി കടന്നുകയറുകയും ചെയ്തുകൊണ്ടാണ് കേരളത്തിലെ സ്ത്രീകൾ തങ്ങളുടെ തൊഴിൽ സാധ്യത ഉയർത്തിയത്.

മാനേജ്മെന്റ് സ്കൂളുകളിൽ കോഴ കൊടുത്തു നിയമനം വാങ്ങുന്നത് ഇപ്പോൾ ഭൂരിഭാഗവും അധ്യാപികമാരാണ്. ഈ മേഖലയിൽ ഇന്ന് 80 ശതമാനവും വനിതകളാണ് അധ്യാപകരായി ജോലിനോക്കുന്നത്.

ഒരു ഇരുപതുവർഷംമുമ്പ് കോടതികളിൽ ഒരു വനിതാ വക്കീൽ അപൂർവ കാഴ്ചയായിരുന്നു. ഇന്ന് ഓരോവർഷവും പുതുതായി വക്കീൽ പണി സ്വീകരിക്കുന്നവരിൽ പകുതിയോ അതിൽ കൂടുതലോ സ്ത്രീകളാണ്.

നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും സാധാരണ കുടുംബങ്ങളിലെ പെൺകുട്ടികൾ വിദ്യാഭ്യാസം കഴിഞ്ഞാൽ ഇപ്പോൾ വീട്ടിലിരിക്കുന്നില്ല. ദശലക്ഷക്കണക്കിനുള്ള പീടികകളിൽ സെയിൽസ് ഗേളുകളായി ജോലിനോക്കുകയാണവർ. കുറഞ്ഞ ശമ്പളം കൊടുത്താൽ മതി. കൃത്യനിഷ്ഠയും അച്ചടക്കവുമുണ്ട്. സംഘടിക്കാനും സമരം ചെയ്യാനും സാധ്യത കുറവ് എന്നീ ഘടകങ്ങളാണ് സെയിൽസ് ഗേളുകളെ പീടിക മുതലാളിമാർക്ക് പ്രിയംകരമാക്കുന്നത്.

പുരുഷന്മാരെ പുറത്താക്കി സ്ത്രീകൾ കടന്നു കയറുന്ന മേഖലകൾക്ക് അവസാനത്തെ ഉദാഹരണമാണ് പെട്രോൾ പമ്പുകൾ. പെട്രോൾ പമ്പുകളിൽ പകൽ വാഹനങ്ങൾക്ക് പെട്രോളടിക്കുന്ന ജോലി പെൺകുട്ടികൾ ഏറ്റെടുത്തു തുടങ്ങിയിരിക്കുന്നു. ഒന്നോ രണ്ടോ വർഷത്തിനകം ഈ മേഖലയിൽ മുഴുവൻ സ്ത്രീ തൊഴിലാളികളായിരിക്കുമെന്നു പ്രതീക്ഷിക്കാം.

ഫോട്ടോസ്റ്റാറ്റ്, ടെലിഫോൺ ബൂത്തുകൾ, കമ്പ്യൂട്ടർ സെന്ററുകൾ തുടങ്ങി പുതിയതായി ഉയർന്നു വരുന്ന തൊഴിൽ മേഖലകളിലും പെൺകുട്ടികൾ കുത്തക സ്ഥാപിക്കുമ്പോൾ അതൊരു വലിയ സാമൂഹ്യമാറ്റത്തിനു രംഗഭൂമിയൊരുക്കുകയാണ്. കുറഞ്ഞ വേതനം സമ്മതിച്ചും ഒട്ടേറെ അസൗകര്യങ്ങൾ കണ്ടില്ലെന്നു നടിച്ചും പെൺകുട്ടികൾ നേടിയെടുക്കുന്ന ഈ തൊഴിൽ സാധ്യതകൾ നാളെ പുരുഷനേക്കാൾ നല്ലൊരു നാളെ കരുപ്പിടിപ്പിക്കാൻ സ്ത്രീകളെ സഹായിക്കുമോ?

**സദാനന്ദൻ താണിശ്ശേരി.**